ഉത്തരം

(എ, ബി) തലശ്ശേരി നാദാപുരം റോഡിന്റെ പരിഷ്ക്കരണത്തിനുവേണ്ടി തയ്യാറാക്കിയ 15 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ പരിശോധനയിലാണ്.

ആനിക്കാമ്പൊയിൽ–മേപ്പാടി റോഡ്

383 [416] ശ്രീ. സിറിയക് ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആനിക്കാമ്പൊയിൽ–മേപ്പാടി റോഡിന്റെ സർവ്വേ പൂർത്തിയായോ; സർവ്വേ ഏതുവരെ പൂർത്തിയായി;

(ബി) സർവ്വേ പൂർത്തിയായ ഭാഗമെങ്കിലും ഉടനെ നിർമ്മാണം ആരംഭിക്കാൻ നിർദ്ദേശിക്കുമോ?

ഉത്തരം

(എ) ഇല്ല. ഏകദേശം നാലു കിലോമീറ്റർ ദൂരം സ്ഥലത്തെ ഫീൽഡുവർക്കു പൂർത്തിയായി.

(ബി) ഇൻവെസ്റ്റിഗേഷൻ പൂർത്തിയായശേഷമേ റോഡു നിർമ്മാണത്തെപ്പറ്റിയുള്ള അനന്തരനടപടികളെക്കുറിച്ച് തീരുമാനമെടുക്കാൻ കഴിയൂ.

കണ്ണൂർ നിയോജകമണ്ഡലത്തിലെ എം.എൽ.എ. റോഡുകൾ

384 [417] ശ്രീ. പി. ഭാസ്ക്കരൻ: താഴെ കാണുന്ന ചോദ്യത്തിന് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ നിയോജകമണ്ഡലത്തിൽ എം.എൽ.എ. റോഡുകളുടെ പണി ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

ഉത്തരം

ഉദയൻകുന്ന്-കുഞ്ഞിപ്പള്ളി റോഡിന്റെ ആദ്യഭാഗത്ത് ആവശ്യമുള്ളത്ര വീതിയിൽ സ്ഥലം ലഭിച്ചിട്ടില്ലാത്തതിനാൽ പണി ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. എൻ.എച്ച്. 17–ഉം കണ്ണൂർ–വളപട്ടണം റോഡും ബന്ധിപ്പിക്കുന്ന രാജാസ് ഹൈസ്കൂൾ വഴിയുള്ള അംബികാ റോഡിന് ആവശ്യമുള്ള വീതിയിൽ ബന്ധപ്പെട്ട പഞ്ചായത്ത് സ്ഥലം വിട്ടുകൊടുക്കാത്തതിനാൽ പണി ടെണ്ടർ ചെയ്യാൻ കഴിഞ്ഞിട്ടില്ല.

നെയ്യാറ്റിൻകര മണ്ഡലത്തിലെ എം.എൽ.എ. റോഡുകൾ

385 [418] ശ്രീ. എസ്.ആർ. തങ്കരാജ്: താഴെ കാണുന്ന ചോദ്യത്തിന് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

നെയ്യാറ്റിൻകര മണ്ഡലത്തിലെ എം.എൽ.എ. റോഡുകളുടെ സ്ഥിതി എന്താണെന്നും അതെപ്പോൾ പൂർത്തിയാകുമെന്നും വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

നെയ്യാറിൻകര നിയോജകമണ്ഡലത്തിലെ എം.എൽ.എ. റോഡ്യകൂം വാഴിച്ചൽ—അംബൂരി റോഡും ഇടവാം—തുടലി റോഡുമാണ്. ഇതിൽ വാഴിച്ചാൽ അംബൂരി റോഡിന്റെ പണിക്ക് ലഭിച്ച ടെണ്ടറിന്റെ നിരക്ക് വളരെ ഉയർന്നതായിരുന്നതിനാൽ അത് സ്വീകരിക്കാൻ കഴിഞ്ഞില്ല. ചീഫ് എഞ്ചിനീയർ ഈ പണിക്ക് കുട്ടേഷനുകൂം ക്ഷണിക്കാനായി ആർ ആൻറ് ബി സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. രണ്ടാമത്തെ റോഡായ ഇടവാം—തുടലി റോഡിന്റെ എസ്റ്റിമേറ്റ് ആർ ആൻറ് ബി ചീഫ് എഞ്ചിനീയർ പരിശോധിച്ചുവരുന്നു. മുകളിൽ സൂചിപ്പിച്ചിരിക്കുന്ന സാഹചര്യങ്ങളാൽ ഈ പണികൂം എപ്പോം പൂർത്തിയാകുമെന്ന് പറയുക പ്രയാസമാണ്.

ഹിൽ റോഡ് പദ്ധതിയിൽപ്പെടുത്തിയ റോഡുകൂം

386 [420] ശ്രീ. സിറിയക് ജോൺ: താഴെ കാണുന്ന ചോദ്യത്തിന് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഹിൽറോഡ് പദ്ധതിയിൽപ്പെടുത്തി ഭാഗികമായി പ്രവർത്തി നടത്തിയിരുന്ന കൂടരഞ്ഞി—കുമ്പാറ കക്കാടംപൊയിൽ റോഡ്, കൂടരഞ്ഞി—പൂവാറൻതോട് കക്കാടംപൊയിൽ—നിലമ്പൂർ റോഡ്, പുല്ലുരാമ്പാറ—പുന്നക്കൽ കൂടരഞ്ഞി റോഡ് എന്നീ റോഡുകളുടെ ബാക്കി പ്രവർത്തികൂടി നടത്തി ഗതാഗത യോഗ്യമാക്കാൻ നിർദ്ദേശിക്കുമോ?

ഉത്തരം

സാമ്പത്തിക പരിമിതികാരണം ബാക്കി പ്രവർത്തി ഉടനെ ഏറെറടുത്തു നടത്തുവാൻ പ്രയാസമുണ്ട്.

കണ്ണൂരിലെ പയ്യമ്പലം കടൽത്തീര റോഡുപണി

387 [421] ശ്രീ. പി. ഭാസ്കരൻ: താഴെ കാണുന്ന ചോദ്യത്തിന് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂരിലെ പയ്യമ്പലം കടൽത്തീരറോഡ് നിർമ്മിക്കുവാൻ ബഡ്ജറിൽ വക കൊള്ളിച്ചിട്ടും പ്രാരംഭപ്രവർത്തനം ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

ഉത്തരം

കണ്ണൂരിലെ പയ്യമ്പലം കടൽത്തീരറോഡ് പൊതുമരാമത്തുവകുപ്പ് റോഡല്ല. അതിനാൽ റോഡ് പൊതുമരാമത്തുവകുപ്പിലേക്ക് ഏറെറടുത്ത ശേഷമേ പൊതുമരാമത്തുവകുപ്പിന് റോഡുപണി ഏറെറടുത്തു നടത്താൻ കഴിയൂ.

കൈതപ്പൊയിൽ—കണ്ടോത്ത്—കോടഞ്ചേരി—തന്മലമണ്ണ കൂടരഞ്ഞി റോഡ് നിർമ്മാണം

388 [422] ശ്രീ. സിറിയക് ജോൺ: താഴെ കാണുന്ന ചോദ്യത്തിന് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പി.ഡബ്ലിയു.ഡി. ഏറെറടുത്ത കൈതപ്പൊയിൽ—കണ്ടോത്ത്—കോടഞ്ചേരി—തന്മലമണ്ണ—കൂടരഞ്ഞി റോഡിന്റെ നിർമ്മാണം എന്നാരംഭിക്കുമെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly